ളിൽ അതുതന്നെ ഉപയോഗിക്കുന്നുണ്ട്. സാധിക്കാത്ത റോഡുകളിൽ സാധാരണ സംരക്ഷണ മാത്രമെ നടത്തുന്നുള്ളു.

മിസ്റ്റർ സി. കുഞ്ഞൻ നമ്പൂതിരിപ്പാട്ട് : രണ്ടുമൂന്നു കൊല്ലങ്ങളായിട്ടും സംരക്ഷണ നടത്താത്തതായ റോഡുകളുണ്ടൊ ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ : മിഷ്യൻ കൊണ്ടുപോകുവാൻ സാധിക്കാത്ത രണ്ടു മൂന്നു റോഡുകളുണ്ട്. അവിടെയെല്ലാം സാധാരണ സംരക്ഷണകർമ്മം മാത്രമാണ് നടത്തുന്നതു്. ആ റോഡുകൾക്കു വീതി വളരെ കുറവായതു കൊണ്ടു് മിഷ്യൻ കൊണ്ടുപോകുവാൻ പ്രയാസമാണ്.

മിസ്റ്റർ പി. എൻ. ദാമോദരൻ നമ്പ്യാർ : റോഡിനു വീതി പോരാത്തതു കൊണ്ടാണൊ മിഷ്യൻ കൊണ്ടുപോകുവാൻ സാധിക്കാത്തതു് ? റോഡുകളുടെ വീതി വർദ്ധിപ്പിച്ചാൽ മിഷ്യൻ ഉപയോഗിച്ചു് ഇതിലും കൂടുതൽ റോഡുകൾ നന്നാക്കുവാൻ സാധിക്കുകയില്ലെ ?

മിസ്റ്റർ വി. കെ അരവിന്ദാക്ഷമേനോൻ : ഇപ്പോൾ അങ്ങിനെ ചെയ്യുവരുന്നുണ്ട്. ഈ മിഷ്യൻ ഗ്രാവൽ റോഡുകളിൽ മാത്രമെ ഉപയോഗിക്കുവാൻ സാധിക്കുകയുള്ളു.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി : ഒരു കൊല്ലത്തിൽ എത്ര മാസം ഈ മിഷ്യൻ ഉപയോഗിക്കുന്നുണ്ടു് ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ : സാധാരണയായി ഒരു കൊല്ലത്തിൽ നാലുമാസം ഉപയോഗിക്കുന്നുണ്ടു്.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി : ജോലി ചെയ്യുവാൻ സാധിക്കാത്തതുകൊണ്ടാണൊ മറ്റുള്ള എട്ടുമാസങ്ങളിലും മിഷ്യൻ ഉപയോഗിക്കാതിരിക്കുന്നതു് ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ : മിഷ്യൻ ഉപയോഗിക്കണമെങ്കിൽ വലിയ മഴ ഉണ്ടായിരിക്കുവാൻ പാടില്ല. മഴയില്ലാത്തകാലത്തും ഉപയോഗിക്കുവാൻ ബുദ്ധിമുട്ടുണ്ടു്. സാധാരണയായി തുലാവർഷക്കാലത്തു മാത്രമെ ഉപയോഗിക്കുവാൻ സധിക്കുകയുള്ളു.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി : അപ്പോൾ മിഷ്യൻ ഉപയോഗിക്കാവുന്ന കാലങ്ങളിൽ മുഴവനും ഉപയോഗിക്കുന്നുണ്ടു്, അല്ലെ ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ : അതെ.

മിസ്റ്റർ എ. ഈച്ചരമേനോൻ : പഞ്ചായത്തു റോഡുകളിൽ ഈ മിഷ്യൻ ഉപയോഗിക്കാവുന്നതാണൊ ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ : വീതികൂട്ടി ശരിയാക്കിട്ടുള്ള റോഡാണെങ്കിൽ ഉപയോഗിക്കും.

KAMBALATHURA RESERVOIR WORKS—PROGRESS OF

297. മിസ്റ്റർ എൻ. വി. സുബ്ബരായൻ ചെട്ടിയാർ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടു സദയം മറുപടി പറയുമോ.—

LIBRARY ARCHIVES Kerala Legislative Assembly

(എ) കമ്പാലത്തറ റിസർവയറുടെ പണിയെപ്പറ്റി കഴിഞ്ഞ കൌൺസിലിൽ എന്റെ ഒരു ചോദ്യത്തിന് "under consideration" എന്നു പറഞ്ഞതു ഇപ്പോൾ എതു നിലയിലിരിക്കുന്നു ;

(ബി) കഴിയുന്നതും വേഗത്തിൽ ടി പണി തുടങ്ങുവാൻ ഗവമ്മെണ്ടിനു ദയവുണ്ടാകുമോ ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ :

(എ) &(ബി) ഈ സംഗതിയെപ്പറ്റി ഗവമ്മെണ്ടു ആലോചിച്ചുവരികയാണു്.

മിസ്റ്റർ എൻ. വി. സുബ്ബരായൻ ചെട്ടിയാർ : ഈ ആലോചന അവസാനിച്ചു് എപ്പോഴാണു് പണി ആരംഭിക്കുവാൻ പോകുന്നതു് ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ : കഴിയുന്നതും വേഗം ചെയ്യുവാൻ നോക്കാം.

POSSESSION DISPUTE—POLICE INTERFERENCE

298. Mr. K. R. Viswambharan *(Ezhuvas-Talappalli):* Will Government be pleased to state.—

(*a*) whether any constable or head-constable was deputed to Konganpara from the Cusba Police Station, Trichur, at the request of one landlord on 9th Makaram 1116 in the matter of a possession dispute ;

(*b*) whether there was any petition or representation from the landlord;

(*c*) whether one Anantha Ayyar has made any complaint before the Cusba Police Station against one Thaivalappil Kandunny ;

(*d*) if answer to (*c*) is in the affirmative, whether the complaint has been noted in the general diary of the Station in Makaram 1116?

Rao Bahadur M. Narayana Menon *(Commissioner of Police)*;

(*a*) No.

(*b*) No.

(*c*) No.

(*d*) No reply necessary.

LIBRARY ARCHIVES Kerala Legislative Assembly